# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.565** **29.01.2019-ൽ മറുപടിക്ക്**

## ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തി

| | ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി മേഖലയിലെ 11 കെ.വി. ഓവർ ഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തികൾക്ക് എവിടെയെല്ലാമാണ് അനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിൽ ഇടക്കൊച്ചി മേഖലയിലെ താഴെ പറയുന്ന 11 കെ.വി. ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>1) വില്ലിംഗ്ടൺ ഐലന്റ് സബ്സ്റ്റേഷൻ മുതൽ പാമ്പായിമൂല വരെ (പുതിയകണ്ണങ്ങാട്ട് പാലം വഴി) -6 km.<br>2) അരൂർ സബ്സ്റ്റേഷൻ മുതൽ ഇടക്കൊച്ചി വരെ - 5 km.<br>3) കൃഷ്ണ ടെംബിൾ മുതൽ പാമ്പായിമൂലവരെ - 3 km.<br>4) എൻ.എച്ച്.111 മുതൽ ജ്ഞാനോദയം ട്രാൻസ്ഫോർമർ വരെ - 2 km. |
| (ബി) | ഇവയിൽ ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, ഇനി ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും, ഇത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ? | (ബി) | ഇവയിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.<br>വില്ലിംഗ്ടൺ ഐലന്റ് സബ്സ്റ്റേഷൻ മുതൽ പാമ്പായിമൂല വരെയുള്ള പ്രവൃത്തികൾ 2019 ഡിസംബർ മാസം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അരൂർ സബ്സ്റ്റേഷൻ മുതൽ ഇടക്കൊച്ചി വരെയുള്ള പ്രവൃത്തികൾ 2021 മാർച്ചിലും, കൃഷ്ണ ടെംബിൾ മുതൽ പാമ്പായിമൂല വരെയുള്ള പ്രവൃത്തികൾ 2021 ഫെബ്രുവരിയിലും, എൻ.എച്ച്.111 മുതൽ ജ്ഞാനോദയം ട്രാൻസ്ഫോർമർ വരെയുള്ള പ്രവൃത്തികൾ 2021 ഡിസംബറിലും തീർക്കാൻ നിശ്ചയിച്ചിട്ടുണ്ട്. |

Lemalille

സെക്ഷൻ ഓഫീസർ